**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **02-02-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർതലത്തിൽ ഏതെല്ലാം സ്കോളർഷിപ്പുകളാണ് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | **സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 10 സ്കോളർഷിപ്പ് പദ്ധതികളും, യു.ജി.സി/ സി.എസ്.ഐ.ആർ - നെറ്റ് കോച്ചിംഗ് , നൈപുണ്യ പരിശീലനം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. (വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു).**<br><br>**ഇത് കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന മുസ്ലീം/ നാടാർ / ആംഗ്ലോ ഇൻഡ്യൻ/മറ്റ് പിന്നാക്ക മുന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ള പെൺകുട്ടികൾക്കുള്ള ആനുകൂല്യം നൽകി വരുന്ന സ്കോളർഷിപ്പ് പദ്ധതി, ന്യൂനപക്ഷ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്കായി പിന്നാക്ക വികസന വകുപ്പ് മുഖേന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ, ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി** കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി തലം മുതലുള്ള വിദ്യാർത്ഥികൾക്കായി Post Metric Scheme for Minority Students എന്ന സ്കോളർഷിപ്പ് നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന പ്രീ മെട്രിക്ക് സ്കോളർഷിപ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; പ്രസ്തുത സ്കോളർഷിപ്പ് പുനരാരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിയ്ക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. നിലവിൽ ഇത് 9 , 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | നിർത്തലാക്കിയ പ്രസ്തുത സ്കോളർഷിപ്പ് പുനരാരംഭിക്കുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ 25 കോടി രൂപ വകയിരുത്താൻ ആവശ്യമായ പദ്ധതി രേഖ ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. **എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്**

സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളി ടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ഇതിൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണനയുണ്ട്. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപ വരെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. രണ്ടാം വർഷക്കാരേയും മൂന്നാം വർഷക്കാരേയും സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. സ്കോളർഷിപ്പിന്റെ **30%** പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും.

2. **സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **5000/** രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **6000/** രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **7000/** രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ **13000/** രൂപ വീതവും (ഹോസ്റ്റൽ സ്റ്റൈപ്പന്റ്/പ്രതിവർഷ സ്കോളർഷിപ്പ് ഇവയിൽ ഏതെങ്കിലും ഒന്ന്) പ്രതിവർഷം നൽകുന്നു. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.

3. **പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം**

സർക്കാർ അംഗീകൃത സ്വകാര്യ പ്രൈവറ്റ് ഐ.റ്റി.ഐ- കളിൽ ഒരു വർഷം/രണ്ട് വർഷം കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം **10,000/-** രൂപ, **20,000/-** രൂപ എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. **10%** പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.

4. **ASAP, KITTS, KASE മുഖേന നൈപുണ്യ പരിശീലന പദ്ധതി**

തൊഴിലില്ലാത്ത ന്യൂനപക്ഷ യുവതീ യുവാക്കൾക്ക് രണ്ട് സ്കീമുകളിലായി നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണിത്. **ASAP, KITTS, KASE** മുഖേന നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണിത്. വൈദഗ്ധ്യം നേടിയ വിദ്യാർത്ഥികൾക്ക് ഏജൻസികൾ വഴി ഇൻഡസ്ട്രി ടൈ-അപ്പുകളും പ്ലേസ്മെന്റ് ലിങ്കേജുകളും നടത്താനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

5. **സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്**

സി.എ/സി.എം.എ/സി.എസ് കോഴ്സുകളിൽ ഫൈനൽ, ഇന്റർമീഡിയേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് **15,000/** രൂപ വീതമാണ് സ്കോളർഷിപ്പ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപയിൽ താഴെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. ഇതിൽ 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.

6. **യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് കോച്ചിംഗ്**

ഇന്ത്യൻ യൂണിവേഴ്സിറ്റികളിലും/ കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ/ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പിന് തയ്യാറെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനുവേണ്ടി എൻ.റ്റി.എ (നാഷണൽ ടെസ്റ്റിംഗ് ഏജൻസി) മുഖേന യോഗ്യത പരീക്ഷ നടത്തുന്നു. തിരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി, കോളേജുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ തൊഴിൽ യോഗ്യതയും പ്രാതിനിധ്യവും വർദ്ധിപ്പിക്കുന്ന പദ്ധതിയാണിത്.

7. **ഐഐടി/ ഐഐഎം/ ഐഐഎസ് സി, ഐഎംഎസ് സി എന്നീ കോഴ്സുകളിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

ഐഐടി, ഐഐഎം, ഐഐഎസ്.സി, ഐഎംഎസ് സി എന്നിവയ്ക്ക് കീഴിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന യോഗ്യരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം **50,000/** രൂപ നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണനയുണ്ട്. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും.

8. **മദർതേരേസ സ്കോളർഷിപ്പ്**

കേരളത്തിലെ ഗവൺമെന്റ് നേഴ്സിംങ് സ്കൂളുകളിൽ ജനറൽ നേഴ്സിംഗ്/ മറ്റു സ്ഥാപനങ്ങളിൽ പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം **15,000/** രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 45%-ൽ കുറയാത്ത മാർക്ക് നേടിയവരായിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. ഇതിൽ 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.

9. **പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**

ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്ക് **10,000/** രൂപയും, ബിരുദത്തിന് 80%-മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടി വിജയിച്ചവർക്കും **15,000/** രൂപ സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണനയുണ്ട്. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും.

10. **സിവിൽ സർവ്വീസ് ഫീ-റീ ഇംബേഴ്സ്മെൻറ് സ്കീം**

സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്കുള്ള കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി. ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ **20,000/** രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ **10,000/** രൂപയും പരമാവധി നൽകും. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണനയുണ്ട്. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും.

11. **വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്**

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വ കലാശാലകളിൽ ബിരുദ-ബിരുദാനന്തര-പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം

നടത്തുന്നതിനുള്ള സ്കോളർഷിപ്പ് പദ്ധതിയാണിത്. വിദേശ ഉപരിപഠനത്തിനായി വിദ്യാർത്ഥികൾ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ സബ്സിഡി സഹായധനമായാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പരമാവധി **5,00,000/-** രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകർ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.

12.**<u>ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്</u>**

ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് **1000/-** രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു. ടി സ്കോളർഷിപ്പ് അപേക്ഷിക്കുന്ന എല്ലാ വിഭാഗക്കാർക്കും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**